**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.675** | **05.06.2018 ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമ പദ്ധതികൾ

**ചോദ്യം**
**ശ്രീ. കെ. രാജൻ**

**മറുപടി**
**എ.സി. മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | യുവജനക്ഷേമ വകുപ്പ്/ബോർഡ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | യുവജനക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന യുവജനകമ്മീഷൻ/യുവജനക്ഷേമ ബോർഡ് എന്നിവ മുഖാന്തിരം താഴെപറയുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>സംസ്ഥാന യുവജന നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ ചുമതല. കേരളോത്സവം, ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ആർട്ട് ഡി ടൂർ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യക്യാമ്പ്, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്,ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്രക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപശാല,പി.എസ്.സി പരിശീലനം, പരിസ്ഥിതി ദിനാചരണം, മഴക്കാല ബോധവൽക്കരണം,യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശില്പശാല, ചിത്ര രചനാക്യാമ്പ്, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സ്പോർട്സ് കിറ്റ് വിതരണം എന്നിവയാണ് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെ പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. കേളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലുമുള്ള ബോധവത്ക്കരണ പരിപാടികൾ<br>2. അദാലത്ത്/ഹിയറിംഗ്<br>3. ദേശീയ സെമിനാർ./ജില്ലാതല സെമിനാറുകൾ/ സിമ്പോസിയം ശില്പശാല<br>4. യൂത്ത് ഐക്കൺ പദ്ധതി<br>5. പാർശ്വവത്കൃതയുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യപരിപാലനം<br>6. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ<br>7. സാംസ്കാരിക വിനിമയ പദ്ധതി<br>8. ഫെസിലിറ്റേഷൻ പ്രോഗ്രാം<br>എ) മഹിളാമന്ദിരനിവാസികളായ സ്ത്രീകൾക്കുള്ള പരിശീലനം<br>ബി) ഗ്രീൻ യൂത്ത് പദ്ധതി<br>സി) വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്<br>9. ദേശീയ യുവജനദിനം |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡിന്റെ കീഴിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | ഒല്ലൂർ നിയോജക മണ്ഡലത്തിൽ പരിസ്ഥിതി ദിനാചരണപരിപാടി നല്ല രീതിയിൽ സംഘടിപ്പിച്ച മാടക്കത്തറ റെഡ് ചലഞ്ചേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന് 2000/- രൂപ ധനസഹായം നൽകി. 2017 കേരളോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച നടത്തറ പഞ്ചായത്തിലെ സൗത്ത് സോൺ ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന് 5000/- രൂപ അവാർഡ് നൽകി. നടത്തറ ഗ്രാമ പഞ്ചായത്ത് തൃശ്ശൂർ ജില്ലയിൽ മികച്ച രീതിയിൽ കേരളോത്സവം നടത്തിയ പഞ്ചായത്തുകളിൽ നിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കി. അമ്മ കലാ സാംസ്കാരിക സമിതി നടത്തറ, അശോകൻ സ്മാരക കലാ സമിതി, മുളയം യുവജന കലാ സമിതി. മുളയം യുവജനകലാസമിതി ലൈബ്രറി ആന്റ് റീഡിംഗ് റൂം,നടത്തറ റെഡ് ചലഞ്ചേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, മാടക്കത്തറ എന്നീ ക്ലബ്ബുകൾക്ക് പി.എസ്.സി കോച്ചിംഗ് നടത്തുന്നതിനായി 5000/- രൂപ വീതം അനുവദിച്ചു. |

സെക്ഷൻ ഓഫീസർ